# തിരുകേശം പോലെ ഒരു തിരുമതം

സിൽക്സ്മിത കടിച്ച ആപ്പിൾ 55000 രൂപക്ക് ലേലത്തിൽ വാങ്ങിയതും മൗലാന മൗദൂദി ഉപയോഗിച്ച പേന ഒരു ജമാഅത്തുകാരൻ ഇരുപത്തഞ്ച് ലക്ഷം രൂപയ്ക്ക് ലേലത്തിൽ വാങ്ങിയതും നബിയുടതാണെന്നു തെറ്റിദ്ധരിപ്പിച്ച് 'മുടിക്കച്ചവടം' നടത്തുന്നതുമൊക്കെ വ്യക്തിപൂജയുടെയും, വിഗ്രഹാരാധനയുടെയും തുടക്കം മാത്രമാണ്. ഖുർആൻ അതൊന്നും അൽപം പോലും അംഗീകരിക്കുന്നില്ല. എന്നാൽ നബിയുടെ വിസർജ്യവസ്തുക്കളും, ഉമിനീരും, വിയർപ്പും, കേശവുമൊക്കെ നക്കിത്തുടയ്ക്കണമെന്നും അതിൽ പുണ്യവുമുന്നെുമാണ് അമവികൾക്ക് വേി അറബികൾ പിന്നീട് കള്ള ഹദീസുകളിലൂടെ പ്രചരിപ്പിച്ചത്. ജോർദ്ദാനിലെ ഏതോ ഒരു പെൺകൊടിയുടെ കുറെ നീമുടിക്കെട്ടുകൾ എടുത്തുകാട്ടി അത് നബിയുടേതാണെന്ന് പച്ചക്കള്ളം പ്രചരിപ്പിച്ചു പാമരജനങ്ങളെ വ്യക്തിപൂജയിലേക്ക് (വിഗ്രഹാരാധനയിലേക്ക് ) നയിച്ച് ഖസ്റജി എന്ന അറബിയും കാന്തപുരവും കാശുാക്കുന്നത് പോലെയാണ് മുഹമ്മദ് നബിയും വിശുദ്ധഖുർആനും അറേബ്യയിൽ വരുത്തിയ വിപ്ലവത്തിൽ നിന്ന് മുതലെടുത്തുകൊ് മനുഷ്യനായ ദൈവദൂതൻ എന്ന് ഖുർആൻ പരിചയപ്പെടുത്തിയ നബിയെ ഒരു ദൈവാവതരാമാക്കി ചിത്രീകരിച്ചുകൊ് നബിയുടെ മരണശേഷം സുമാർ 30 വർഷം കഴിഞ്ഞപ്പോൾ ഖുർആൻനിന് ബദലായി ഹദീസുകളെന്നപേരിൽ ഒരു രാം പ്രമാണമുാക്കിക്കൊ് 'സുന്നത്ത് ജമാഅത്ത്' എന്ന ഖുർആൻ ഇല്ലാത്ത സുന്നിമതത്തിന് (ആധുനിക ഇസ്ലാം മതത്തിന്) മുആവിയ തറക്കല്ലിട്ടത്. യാതൊരു ലക്ഷ്യബോധമോ, ദൈവഭയമോ ഇല്ലാതെ, അറേബ്യൻ മരുഭൂമിയിൽ അലഞ്ഞുനടന്നിരുന്ന ആ ഗോത്ര വർഗ്ഗങ്ങളെ ഒരുമിച്ചുകൂട്ടി അറേബ്യയിൽ – മദീനയിൽ – ആ ദൈവദൂതൻ നല്ലവരായ ജൂതരുടെ സഹായത്തോടെ ഒരു മാതൃകാ ഇസ്ലാമികരാഷ്ട്രം പണിതു. അറബികളുടെ വളർച്ചയിൽ ഭയവും ആശങ്കയും തോന്നിയ റോമാ പേർഷ്യൻ സാമ്രാജ്യങ്ങൾ (ഇറാൻ–ഇറാഖ് –സിറിയ– ഈജിപ്ത്) അറേബ്യയെ ആക്രമിച്ചു. അതിനു തിരിച്ചടിയായി നബിയും ഖലീഫാ ഉമറും ആ രാഷ്ട്രങ്ങളെ ഒന്നൊന്നായി കീഴടക്കി. ആ രാജ്യങ്ങളിലെ ജനങ്ങൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും നികുതി ഭാരത്തിൽനിന്നുള്ള മോചനവും നൽകിയപ്പോൾ നബിയുടെ ഇസ്ലാം ലോകം വാഴ്ത്തിപ്പാടിയ ഒരു മാതൃകാ രാഷ്ട്രവും അന്നത്തെ ഏക വൻശക്തിയുമായി മാറി. നബിയും, മുഹാജിറുകളും, അൻസാറുകളും, ഖലീഫാ ഉമറും ഒരൊറ്റ ശരീരം പോലെ ഉറച്ചുനിന്ന് പടുത്തുയർത്തിയ ആ മാതൃകാരാഷ്ട്രമാണ് മുആവിയ പിന്നീട് രാജഭരണമാക്കി മാറ്റിയത്.!! ആ ഇസ്ലാമിക രാഷ്ട്രത്തിൽ നിന്ന് മുതലെടുത്തുകൊണ്ട് ക്രിസ്തുമതംപോലെ ഒരു സുന്നിമതം (സുന്നത്ത് - ജമാഅത്ത്) മുആവിയ തന്ത്രപൂർവ്വം പിൽക്കാലത്ത് പടുത്തുയർത്തിയത്. അതുകൊണ്ട് കാന്തപുരം അടക്കമുള്ള സുന്നി -മുജാഹിദ്-ജമാഅത്ത് മൗലവിമാർ ഇന്ന് ആചരിച്ചുവരുന്ന വിശ്വാസാചാരങ്ങളിൽ ഒന്നുപോലും ഖുർആനിൽ കാണാത്തത്. തലയും വാലുമില്ലാത്ത തിരുകേശം പോലെ ഖുർആനുമായി യാതൊരുബന്ധവുമില്ലാത്ത ഒരു മതമായി സുന്നത്ത് ജമാഅത്ത് എന്ന മതം മാറാൻ കാരണവുമതാണ്. ലോകമുസ്ലികളും ഖുർആനും തമ്മിൽ യാതൊരു ബന്ധവുമില്ലാതിരിക്കാനും കാരണം മറ്റൊന്നല്ല